**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3890** **09-10-2025 - ൽ മറുപടിയ്ക്ക്**

**കർണ്ണാടക ട്രാൻസ്‌പോർട്ട് ബസുകളുടെ അമിതവേഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കർണ്ണാടക ട്രാൻസ്‌പോർട്ട് ബസുകളുടെ അമിതവേഗം യാത്രക്കാരുടെ ജീവന് വലിയ ഭീഷണിയായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഈ വിഷയം കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. പരിശോധിച്ചിട്ടുണ്ട്. ഇരു സംസ്ഥാനത്തിന്റെയും അതിർത്തി പ്രദേശത്തെ 80 മീറ്റർ പ്രദേശത്താണ് കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. റോഡ് പണി നടക്കുന്നതും ഈ പ്രദേശത്ത് കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നതിന് കാരണമാകുന്നുണ്ട്. |
| (ബി) | ദിവസങ്ങൾക്ക് മുമ്പ് കേരളാ അതിർത്തിയിൽ കർണ്ണാടക ട്രാൻസ്‌പോർട്ട് ബസ് ഓട്ടോയിലിടിച്ച് 6 യാത്രക്കാർക്ക് ജീവഹാനി ഉണ്ടായ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | കേരള അതിർത്തിയിൽ കർണ്ണാടക ട്രാൻസ്പോർട്ട് ബസ് ഓട്ടോയിലിടിച്ച് 6 യാത്രക്കാർക്ക് അപകടം ഉണ്ടായ സംഭവത്തിൽ മഞ്ചേശ്വരം പോലീസ് ക്രൈം നമ്പർ.747/25 UIs 281, 125(a), 106(1), 105 of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നതും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.<br><br>പ്രസ്തുത കേസിലെ കൃത്യം നടന്ന സ്ഥലമായ തപ്പടിയിൽ പോലീസ്, ആർ.ടി.ഒ., ദേശീയ പാത അതോറിറ്റി വിഭാഗം എന്നിവർ സംയുക്ത പരിശോധന നടത്തുകയും movable barricade സ്ഥാപിച്ചിട്ടുള്ളതും പോലീസിന്റെ പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുള്ളതുമാണ്. |
| (സി) | വാഹനപരിശോധനകളിൽ കർണ്ണാടക ബസുകൾ കൂടി പരിശോധിക്കുന്നതിൽ മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | (സി) | വാഹന പരിശോധനയിൽ കർണ്ണാടക വണ്ടികൾ പരിശോധന നടത്തുന്നതു കൂടാതെ അമിത വേഗത കുറയ്ക്കുന്നത് സംബന്ധിച്ച് മംഗലാപുരം ATO (Assistant Transport Officer), കാസർഗോഡ് ATO (Assistant Transport Officer) എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. കൂടാതെ എല്ലാ വാഹനങ്ങളുടെയും അമിത വേഗത പരിശോധിക്കുന്നതിനായി സോണൽ അടിസ്ഥാനത്തിൽ അമിത വേഗത അടിസ്ഥാനത്തിൽ AI ക്യാമറ ഘടിപ്പിച്ചിട്ടുള്ള 4 |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ നൽകിയിട്ടുണ്ട്. അവയുപയോഗിച്ച് കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ